# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1007    13.06.2013 -ലെ മറുപടിക്ക്.**

**തൊടക്കാട് ജി.എം.ആർ.എസിൽ പ്ലസ് ടു അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ.പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തൊടക്കാട് ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ജി.എം . ആർ.എസിൽ പ്ലസ്ടു കോഴ്സ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത സ്കൂളിൽ ഈ കോഴ്സ് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ)<br>&<br>(ബി) | തൃക്കരിപ്പൂർ ജി.എം.ആർ.എസിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശവും ഇപ്പോൾ സർക്കാർ മുമ്പാകെ ഇല്ല. എന്നാൽ 2013 -14 അദ്ധ്യയന വർഷത്തിൽ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളും എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലയിലുമായി സർക്കാർ/എയ്ഡഡ് മേഖലയിൽ 678 ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കാൻ സർക്കാർ നയപരമായി തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ സ്വീകരിക്കാൻ ഹയർസെക്കന്ററി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.തൃക്കരിപ്പൂർ ജി.എം.ആർ.എസ് സ്കൂൾ അധികൃതർ പ്ലസ് ടു കോഴ്സിന് അപേക്ഷിക്കുകയാണെങ്കിൽ അത് നിയമാനുസൃതം പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ.